# അക്കാദമിക മാസ്റ്റർപ്ലാൻ ഘട്ടം – 2

# മാർഗരേഖ

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി)
പൂജപ്പുര, തിരുവനന്തപുരം 695 012

കരട്

# അക്കാദമിക മാസ്റ്റർപ്ലാൻ ഘട്ടം - 2

# മാർഗരേഖ

## 1

## അക്കാദമിക മാസ്റ്റർപ്ലാൻ – കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ

**ആമുഖം**

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച്, സമൂഹത്തെ മുന്നോട്ടുനയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹികപുരോഗതിയാണ് നാം ലക്ഷ്യംവയ്ക്കുന്നത്. വികസനോന്മുഖമായ ഒരു സമൂഹനിർമിതിക്ക് ഉതകുന്നവിധത്തിൽ വിദ്യാഭ്യാസപ്രക്രിയയെ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. മികച്ചതും സുസ്ഥിരവുമായ ഭാവി കൈവരിക്കുന്നതിനായി 2015 ൽ യു.എൻ. സുസ്ഥിരവികസനത്തിന്റെ 17 സൂചികകൾ സൂചിപ്പിക്കുകയും അവ നിർവചിക്കുകയും ചെയ്തു. ദാരിദ്ര്യമില്ലായ്മ, വിശപ്പുരഹിതം, നല്ല ആരോഗ്യവും ക്ഷേമവും, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, ലിംഗസമത്വം തുടങ്ങിയ 17 സൂചികകളിൽ നാലാമതായി പറഞ്ഞിരിക്കുന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്നത് മറ്റെല്ലാത്തിന്റെയും അടിസ്ഥാനമായി വർത്തിക്കുന്നു. ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്ന സൂചകത്തിന് 10 ലക്ഷ്യങ്ങളും നിർവചിച്ചിട്ടുണ്ട്. (അനുബന്ധം .... നോക്കുക) എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്തപഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ദൗത്യം.

കേരളം മറ്റു പല രംഗങ്ങളിലുമെന്നപോലെ വിദ്യാഭ്യാസരംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. വിവിധ സർക്കാരുകളുടെ വികസനാത്മകമായ ഇടപെടലുകളും പ്രബുദ്ധരായ സമൂഹത്തിന്റെ സഹകരണവും സഹായങ്ങളും വിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വപരമായ പങ്കും ഇവിടെ നടപ്പാക്കിയ വിവിധ പ്രോജക്ടുകളും ഈ പുരോഗതിക്ക് കാരണമായിട്ടുണ്ട്. അതിലെല്ലാമുപരി അധ്യാപകസമൂഹത്തിന്റെ അക്ഷീണപ്രയത്നം ഇതിനു ഉത്തേജകമായിട്ടുണ്ട്.

സംസ്ഥാനത്ത് നടപ്പിലാക്കിയ 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' വിദ്യാഭ്യാസരംഗത്ത് അഭൂതപൂർവമായ ഉണർവ് സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതികരംഗത്തും അക്കാദമികരംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. പൊതുവിദ്യാലയങ്ങളിലേക്ക് മുൻകാലങ്ങളിലില്ലാത്തവിധം ലക്ഷക്കണക്കിന് കുട്ടികൾ പുതിയതായി വന്നുചേർന്നു. സമൂഹത്തിന് പൊതുവിദ്യാലയങ്ങളിലുള്ള വിശ്വാസം വർധിച്ചതിന്റെ വ്യക്തമായ സൂചനയാണിത്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമികരംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർപ്ലാനുകൾ തയാറാക്കി. പല വിദ്യാലയങ്ങളും മാസ്റ്റർപ്ലാനുകൾക്കനുസരിച്ച് മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി നല്ല മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്. നവകേരള സൃഷ്ടിക്ക് തയാറെടുക്കുന്ന നമ്മുടെ സംസ്ഥാനത്തിന് ഇത്തരം നേട്ടങ്ങൾ നാഴികക്കല്ലുകളാണ്.

ദേശീയ-അന്തർദേശീയതലങ്ങളിൽ നടന്ന വിവിധ പഠനങ്ങളിൽ കേരളം വിദ്യാഭ്യാസത്തിൽ ഏറെ മുന്നിലാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. സുസ്ഥിരവികസന സൂചികകളിൽ മേൽക്കൈ നേടുവാൻ നമ്മെ സഹായിച്ചത് പൊതുവിദ്യാഭ്യാസരംഗത്തെ മുന്നേറ്റം കൂടിയാണ്.

ലോകത്തിനാകമാനം കേരളം മാതൃകയാണെന്ന് അഭിമാനം കൊള്ളുമ്പോഴും വിദ്യാഭ്യാസരംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ ഓരോ വിദ്യാർഥിക്കും ദേശ, ഭാഷ, വർഗ, വർണ, ലിംഗ ഭേദമന്യെ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകാശനിയമത്തിൽ പരാമർശിക്കുന്ന വിദ്യാർഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം ഇനിയും പ്രാപ്യമാവേണ്ടതുണ്ട്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് നമ്മുടെ വിദ്യാലയങ്ങളെ സമൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്. അതിനായി വിദ്യാലയസമൂഹവും അധ്യാപകരും വിദ്യാഭ്യാസസംവിധാനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി യത്നിക്കണം. നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക മാസ്റ്റർപ്ലാൻ. പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മുൻവർഷങ്ങളിൽ വിദ്യാലയങ്ങൾ തയാറാക്കിയ അക്കാദമിക മാസ്റ്റർപ്ലാനുകൾ വേണ്ടത്ര ഫലപ്രദമായി നടപ്പാക്കാൻ പ്രളയം, മഹാമാരി തുടങ്ങിയ കാരണങ്ങളാൽ നമുക്ക് കഴിയാതെ വന്നിട്ടുണ്ട്.

അനുസ്യൂതം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ കാലാനുസൃതമായ മാറ്റങ്ങളോടെ അക്കാദമിക മാസ്റ്റർപ്ലാൻ പുനർനിർമിക്കേണ്ടതുണ്ട്. കോവിഡ് മഹാമാരി വിദ്യാഭ്യാസരംഗത്ത് സൃഷ്ടിച്ച പ്രതിസന്ധി പരിഹരിക്കുന്നതിനും പുതിയ പദ്ധതിയിൽ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

2022 ൽ ആരംഭിക്കുന്ന 14- ാം പഞ്ചവത്സരപദ്ധതികാലത്ത് നമ്മുടെ വിദ്യാലയങ്ങൾ ഏത് തരത്തിൽ ആയിത്തീരണം എന്നു വിഭാവനം ചെയ്യണം. അത്തരത്തിലാകുന്നതിന് തടസം നിൽക്കുന്ന പ്രശ്നങ്ങളെ സ്കൂൾതലത്തിൽ ചർച്ചചെയ്തു കണ്ടെത്തണം. ഈ പ്രശ്നങ്ങളുടെ പരിഹാരത്തിനായുള്ള പ്രവർത്തനങ്ങൾ കൂട്ടായി കണ്ടെത്തുകയും അവയ്ക്ക് മുൻഗണന നിശ്ചയിക്കുകയും വേണം. അവയിൽ ഓരോ വർഷവും നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ കണ്ടെത്തി, അവയെ സമയബന്ധിതമായി നടപ്പാക്കാൻ കലണ്ടറും തയാറാക്കണം.

പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ലോകത്താകമാനം വന്ന മാറ്റങ്ങൾ, കോവിഡാനന്തരം പഠനബോധനരീതികളിൽ വന്ന മാറ്റങ്ങൾ, സുസ്ഥിരവികസന സൂചികകൾ, സർക്കാർ നടപ്പാക്കുന്ന വിദ്യാകിരണം പദ്ധതി, കേന്ദ്രസർക്കാരിന്റെ ദേശീയവി

ദ്യാഭ്യാസനയത്തിന്റെ സാധ്യതകൾ എന്നിവയെല്ലാം പരിഗണിക്കേണ്ടതുണ്ട്. വിദ്യാഭ്യാസവകുപ്പ്, എസ്.എസ്.കെ., എം.പി., എം.എൽ.എ., പി.ടി.എ., മറ്റ് സന്നദ്ധ സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിദ്യാഭ്യാസ പദ്ധതികളെ പരമാവധി പ്രയോജനപ്പെടുത്തുകയും അവയോട് ചേർന്നുള്ള പദ്ധതികൾ രൂപപ്പെടുത്തുകയും വേണം.

## ദർശനം

"കേരളത്തിലെ ഓരോ വിദ്യാർഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠന നേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സംജാതമാവുന്നു."

## ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാർഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക, പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- വിദ്യാലയത്തിലെ പഠന പിന്തുണാസംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- സുസ്ഥിരവികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ (കളിയുപകരണങ്ങൾ, ഉദ്യാനം, മൈതാനം.......) എന്നിവ വിദ്യാർഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു.
- ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
- വിദ്യാർഥികളും വിദ്യാർഥികളും തമ്മിലും വിദ്യാർഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ഓരോ വിദ്യാർഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്നതരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

(2)

# പദ്ധതി രൂപീകരണപ്രക്രിയയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. പാഠ്യപദ്ധതി സമീപനം, കാഴ്ചപ്പാട് എന്നിവയുമായി പൊരുത്തപ്പെടുന്നതായിരിക്കണം പ്രവർത്തനങ്ങൾ
2. നവകേരളം കർമ്മപദ്ധതി (വിദ്യാകിരണം), പതിനാലാം പഞ്ചവത്സരപദ്ധതി കാഴ്ചപ്പാട്, സർക്കാരിന്റെ വാർഷിക പദ്ധതി എന്നിവയിലെ നിർദേശങ്ങൾ കൂടി പരിഗണിക്കണം.
3. വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികൾ - SSK, KITE, SCERT, SIEMAT, SIET ... വിവിധ ക്ലബുകൾ, സ്കൗട്ട്, എൻ.സി.സി., എസ്.പി.സി., എൻ.എസ്.എസ്., ജെ.ആർ.സി തുടങ്ങിയവ സംസ്ഥാനതലത്തിൽ തയാറാക്കുന്ന വിദ്യാഭ്യാസ പദ്ധതികളും കൂടി പരിഗണിക്കണം.
4. സ്കൂൾ കണ്ടെത്തുന്ന പ്രശ്നമേഖലകൾ മുൻഗണനാ ക്രമത്തിൽ രൂപപ്പെടുത്തി അവ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പ്രഥമ പരിഗണന നൽകണം.
5. തയാറാക്കുന്ന മാസ്റ്റർപ്ലാനുകൾക്ക്, പ്രായോഗികത, യുക്തിഭദ്രത, വൈവിധ്യം, പുതുമ എന്നിവ ഉറപ്പാക്കുന്നതിന് ശ്രദ്ധിക്കണം.
6. ദേശീയ, സംസ്ഥാന, പ്രാദേശികതലങ്ങളിൽ വിവിധ ഏജൻസികൾ സ്കൂളുകൾക്കായി നീക്കിവയ്ക്കുന്ന ഫണ്ടുകൾ, വിവിധ പദ്ധതികൾ എന്നിവ ഉപയോഗപ്പെടുത്തുവാനുള്ള സാധ്യതകൾ പരിഗണിക്കണം.
7. ഉയർന്ന നിലവാരം, എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നതിന് പ്രാധാന്യം നൽകണം. സാമൂഹ്യവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവരെയും പാർശ്വവൽക്കരിക്കപ്പെടുന്നവരുടെയും ഭിന്നശേഷിക്കാരുടെയും പഠനമുന്നേറ്റം ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ ഉണ്ടാവണം.
8. സ്കൂളിന്റെ എല്ലാ ദൈനംദിന പ്രവർത്തനങ്ങളും അക്കാദമിക മാസ്റ്റർപ്ലാനിന്റെ ഭാഗമാകേണ്ടതില്ല. എന്നാൽ സവിശേഷവും നൂതനവുമായ പഠനപ്രവർത്തനങ്ങൾ പ്ലാനിൽ ഉൾപ്പെടുത്തണം.
9. പ്രവർത്തനങ്ങൾക്ക് തുടർച്ചയും വളർച്ചയും ഉണ്ടാകണം.
10. പദ്ധതി രൂപീകരണപ്രക്രിയയിൽ അധ്യാപകരോടൊപ്പം വിദ്യാർഥിപ്രതിനിധികൾ, പൂർവവിദ്യാർഥികൾ, PTA, MPTA, SMC, ജനപ്രതിനിധികൾ, അക്കാദമിക വിദഗ്ധർ, വിദ്യാഭ്യാസ പ്രവർത്തകർ തുടങ്ങിയവരെ പങ്കാളികളാക്കണം.

# 3

# സ്കൂൾതല മാസ്റ്റർപ്ലാൻ രൂപീകരണം

വിദ്യാലയത്തിന്റെ സമഗ്രപുരോഗതി ലക്ഷ്യമാക്കിയുള്ള അക്കാദമിക് മാസ്റ്റർ പ്ലാൻ തയാറാക്കുന്നതിന് നിലവിലുള്ള സ്ഥിതിയുടെ അവസ്ഥാവിശകലനം കൃത്യമായി നടത്തേണ്ടതുണ്ട്. നിലവിലെ മികവുകളും പരിമിതികളും പൂർണ അർഥത്തിൽ തിരിച്ചറിഞ്ഞെങ്കിൽ മാത്രമേ യഥാർഥപ്രശ്നങ്ങൾ സൂക്ഷ്മതലത്തിൽ കണ്ടെത്താനും അവ പരിഹരിച്ച് മുന്നേറാനും കഴിയൂ. അവസ്ഥാപഠനത്തിനായി പ്രധാനമായും താഴെപ്പറയുന്ന മേഖലകൾ പരിഗണിക്കാവുന്നതാണ്. സ്കൂളിന്റെ സവിശേഷ സാഹചര്യങ്ങൾ പരിഗണിച്ച് കൂട്ടിച്ചേർക്കലുകൾ ആകാം.

**അവസ്ഥാപഠനം**

ഓരോ വിദ്യാലയത്തിന്റെയും മാസ്റ്റർപ്ലാൻ തയാറാക്കുന്നതിന് രൂപീകരിക്കുന്ന സമിതിയുടെ നേതൃത്വത്തിലാണ് അവസ്ഥാപഠനം നടക്കേണ്ടത്. പ്രസ്തുത സമിതിയിൽ അധ്യാപകർ, PTA, MPTA, റിസോഴ്സ് ടീച്ചർ/ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷിതാക്കൾ, വിദ്യാർഥി പ്രതിനിധികൾ, SRG, SSG, LSG അംഗങ്ങൾ, പൂർവ വിദ്യാർഥികൾ, അക്കാദമിക വിദഗ്ധർ/കായിക മേഖലയുമായി ബന്ധപ്പെട്ടുള്ളവർ ഉൾപ്പെട്ടിരിക്കണം. ഓരോ വിഭാഗത്തിനും (LP, UP, HS, HSS) പ്രത്യേക ഗ്രൂപ്പുകൾ ഉണ്ടാകുന്നത് ഏറെ നന്നായിരിക്കും.

ഈ ഗ്രൂപ്പുകളുടെ നേതൃത്വത്തിലാണ് അവസ്ഥാപഠനത്തിനു ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ടൂളുകൾ തയാറാക്കേണ്ടത്. ഓരോ ക്ലാസിലെയും കുട്ടികളുടെ പഠനനിലവാരം കായികക്ഷമത രേഖപ്പെടുത്തുന്നതിന് കായികക്ഷമത രേഖ, ടീച്ചിംഗ് മാന്വൽ, നിരീക്ഷണം, ഷെഡ്യൂൾ, ചോദ്യാവലികൾ, കുട്ടികളുടെ പ്രകടനം എന്നിവ പരിഗണിക്കാവുന്നതാണ്.

കുട്ടികളുടെ മികവാർന്ന പഠനത്തിനു അനുയോജ്യവും ആകർഷകവുമായ വിധത്തിലുള്ള ഭൗതിക സാഹചര്യങ്ങളും സാമൂഹികപിന്തുണയും വിദ്യാലയത്തിനു ആവശ്യമായ തോതിൽ ലഭിക്കുന്നുണ്ടോ എന്ന് കൃത്യമായി ആ സമിതി പരിശോധിച്ച് രേഖപ്പെടുത്തേണ്ടതാണ്. അതിന് ക്ലാസ് PTA, SMC, PTA കമ്മിറ്റി, വിദ്യാർഥികൾ, ജനപ്രതിനിധികൾ, പൂർവ വിദ്യാർഥികൾ എന്നിവരുമായുള്ള കൂടിയാലോചനകൾ നടത്തേണ്ടതാണ്. ഈ രീതിയിൽ മേൽപ്പറഞ്ഞ എല്ലാ മേഖലകളിലും കൃത്യമായ അവസ്ഥാവിശകലനം നടത്തി വിവരങ്ങൾ അളവുപരമായി തന്നെ രേഖപ്പെടുത്തേണ്ടതാണ്.

**അവസ്ഥാപഠനം - പരിഗണിക്കേണ്ട മേഖലകൾ**

- പാഠ്യപദ്ധതി വിനിമയം
- പഠനാന്തരീക്ഷം
- അധ്യാപകർ

- ഭൗതികസാഹചര്യം
- സാമൂഹ്യ ഇടപെടലുകൾ

ഇവ ഓരോന്നും വിശദമായി പരിശോധിക്കാം.

## പാഠ്യപദ്ധതി വിനിമയം

പാഠ്യപദ്ധതി വിനിമയവുമായി ബന്ധപ്പെട്ട അവസ്ഥാപഠനത്തിൽ 5 മുതൽ 10 വരെയുള്ള ആരോഗ്യകായിക വിദ്യാഭ്യാസത്തിന്റെ വിവിധ മേഖലകൾ പഠനത്തിനു വിധേയമാക്കണം, ഉദാഹരണമായി

**ഉദാഹരണം**

**മേഖല – ആരോഗ്യ കായിക വിദ്യാഭ്യാസം**

| | | |
|---|---|---|
| കായിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് കുട്ടി നേടേണ്ട കായിക സാക്ഷരത നേടിയിട്ടുണ്ടോ എന്ന് വിലയിരുത്തുക. | കുട്ടികളുടെ നിലവിലെ ആരോഗ്യകായിക ക്ഷമത തിരിച്ചറിയുക | കുട്ടികളുടെ സാമൂഹികവും, മാനസികവും, വൈകാരികവുമായ അവസ്ഥ തിരിച്ചറിയുക. |
| 1. ചോദ്യാവലി<br>2. നിരന്തര നിരീക്ഷണം<br>3. വിലയിരുത്തൽ | കായികശേഷി അളക്കുന്നതിനുള്ള വിവിധ ടെസ്റ്റ് നടത്തുക (Shuttle Run, Hard ward Step Test etc.) | 1. ചോദ്യാവലി<br>2. നിരന്തര നിരീക്ഷണം<br>3. Intraction |

ഈ രീതിയിൽ എല്ലാ വിഷയങ്ങളിലെയും എല്ലാ മേഖലകളിലെയും അവസ്ഥാപഠനം നടത്തി അളവുപരമായി തന്നെ രേഖപ്പെടുത്തേണ്ടതാണ്. ഓരോ ശേഷീമേഖലയിലും വ്യത്യസ്ത നിലവാരത്തിൽ നിൽക്കുന്ന കുട്ടികളെ കണ്ടെത്താൻ ഈ അവസ്ഥാവിശകലനത്തിലൂടെ കഴിയണം.

ഇതിനു സഹായകരമായി സഹിതം, സമഗ്ര പോർട്ടലുകളിലെ സൂചകങ്ങളും ഉപയോഗിക്കാവുന്നതാണ്.

പാഠ്യപദ്ധതി ആവശ്യപ്പെടുന്ന തരത്തിൽ ക്ലാസ്‌വിനിമയം ചെയ്യാൻ അധ്യാപികയ്ക്ക് കഴിയുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിന് താഴെപ്പറയുന്ന സൂചകങ്ങൾ ഉപയോഗിക്കാവുന്നതാണ്.

- പ്രക്രിയാബന്ധിതമായ ആസൂത്രണം
- കുട്ടിയുടെ സ്വയം വിലയിരുത്തൽ
- കുട്ടികൾ തമ്മിലുള്ള പരസ്പരം വിലയിരുത്തൽ
- അധ്യാപികയുടെ വിലയിരുത്തൽ

ഇവ കണ്ടെത്തുന്നതിന് ഉചിതമായ ചോദ്യാവലിയോ ചെക്ക്‌ലിസ്റ്റോ ഉപയോഗിക്കാവുന്നതാണ്.

കായിക പ്രവർത്തനങ്ങൾ, കുട്ടികളുടെ സ്വയം പ്രതിരോധ പരിശീലനങ്ങൾ, നീന്തൽ പരിശീലനം എന്നിവ പഠനപ്രക്രിയയുടെ ഭാഗമായി വിദ്യാലയത്തിൽ എത്രത്തോളം സംഘടിപ്പിക്കാൻ കഴിയുന്നുണ്ട് എന്നതും വിലയിരുത്തപ്പെടണം.

## പഠനാന്തരീക്ഷം

മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിന് താഴെപ്പറയുന്ന ഉപഘടകങ്ങൾ പരിഗണിക്കാവുന്നതാണ്.

- ക്ലാസ്മുറികളുടെ സജ്ജീകരണം
- ക്ലാസ്മുറികളിലെ ജനാധിപത്യം, അവസരസമത്വം, സ്വതന്ത്രചിന്ത, ലിംഗസമത്വം എല്ലാ വിഭാഗം കുട്ടികളെയും ഉൾക്കൊള്ളുന്ന അന്തരീക്ഷം
- അനുയോജ്യമായ പഠനോപകരണങ്ങൾ
- അധ്യാപക-വിദ്യാർഥി ബന്ധം
- ആധുനികസാങ്കേതികവിദ്യയുടെ ലഭ്യതയും ഉപയോഗവും
- ക്ലാസ്സിന് അനുയോജ്യവും അനുരൂപീകരിച്ചതുമായ
- കളിസ്ഥലവും കളിയുപകരണങ്ങളും

തുടങ്ങിയ ഘടകങ്ങൾ ബന്ധപ്പെട്ടവരുമായി നടത്തുന്ന ചർച്ച, അഭിമുഖം എന്നിവയിലൂടെയും നേരിട്ടും വിലയിരുത്തി രേഖപ്പെടുത്താവുന്നതാണ്.

## അധ്യാപകർ

പാഠ്യപദ്ധതിക്ക് അനുസൃതമായി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനും അധ്യാപകർക്ക് കഴിയുന്നുണ്ടോ എന്ന് സ്വയം വിലയിരുത്തേണ്ടത് അത്യാവശ്യമാണ്. ഇതിന് താഴെപ്പറയുന്ന ഘടകങ്ങൾ പരിഗണിക്കാവുന്നതാണ്.

- സ്വതന്ത്രവും നിർഭയവുമായ അന്തരീക്ഷം
- പഠനസാമഗ്രികളുടെ യഥാസമയം ലഭ്യത
- ആവശ്യമായ പ്രാദേശികവിഭവങ്ങൾ (മനുഷ്യവിഭവനം, സമ്പത്ത്, സാമഗ്രികളുടെ ലഭ്യത)
- സാമൂഹികപിന്തുണ
- ദൈനംദിനാസൂത്രണവും സമഗ്രാസൂത്രണവും
- അധ്യാപക-രക്ഷാകർത്തൃബന്ധം

## ഭൗതികസാഹചര്യം

മികവിന്റെ കേന്ദ്രമായി മാറുന്നതിനാവശ്യമായ ഭൗതികസാഹചര്യങ്ങൾ നമ്മുടെ വിദ്യാലയത്തിൽ ഉണ്ടോ എന്ന് വിലയിരുത്തുന്നതിന് താഴെപറയുന്ന ഘടകങ്ങൾ പരിശോധിക്കണം.

- പരിസ്ഥിതി സൗഹൃദ-വിദ്യാർഥി സൗഹൃദ സ്കൂൾ-ക്ലാസ് അന്തരീക്ഷം

- കളിസ്ഥലവും കളിയുപകരണങ്ങളും
- മതിയായ എണ്ണം ശുചിമുറികൾ, ഗേൾസ്ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ, ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റുകൾ
- ശുദ്ധജലലഭ്യത
- വിദ്യാർഥിസൗഹൃദ, ഭിന്നശേഷി സൗഹൃദഫർണിച്ചർ
- ഭക്ഷണം തയാറാക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഇരുന്ന് കഴിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ
- ഗതാഗതസൗകര്യം

ഈ ഘടകങ്ങളുടെ അവസ്ഥാവിശകലനം കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ, സമൂഹം എന്നിവരുമായുള്ള കൂടിയിരുപ്പുകളിലൂടെ വിലയിരുത്തി രേഖപ്പെടുത്തേണ്ട തുണ്ട്.

## സാമൂഹ്യഇടപെടലുകൾ

സാമൂഹിക ഇടപെടലുകളുമായി ബന്ധപ്പെട്ട് പരിഗണിക്കേണ്ട ഘടകങ്ങൾ ചുവടെ കൊടുക്കുന്നു.

- പി.റ്റി.എ
- എസ്.എം.സി
- മദർ പി.റ്റി.എ
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
- പൂർവ വിദ്യാർഥികൾ
- വിദ്യാലയവികസനസമിതി
- വിവിധ വകുപ്പുകൾ
- സന്നദ്ധസംഘടനകൾ
- പ്രാദേശികവിദഗ്ധർ
- കായിക മേഖലകയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘടനകൾ ക്ലബ്ബുകൾ, പൂർവ്വ വിദ്യാർഥികളായിട്ടുള്ള കായികതാരങ്ങൾ എന്നിവരെകൂടി ഈ സമിതിയി ലേക്ക് ഉൾപ്പെടുത്തേണ്ടതാണ്.

ഈ ഘടകങ്ങൾ വിദ്യാലയത്തെ മെച്ചപ്പെടുത്തുന്നതിന് നൽകിക്കൊണ്ടിരിക്കുന്ന പിന്തുണാരേഖകൾ പരിശോധിച്ചും നേരിട്ടുള്ള ചർച്ചകളിലൂടെയും വിലയിരുത്തണം.

വിദ്യാലയം നേരിടുന്ന പ്രത്യേക പ്രശ്നങ്ങളും വിലയിരുത്തലിന് വിധേയമാക്കാം.

ഉദാ:

- മലയോര/തീരദേശ മേഖലകളിലെ കുട്ടികളുടെ പഠനപിന്നാക്കാവസ്ഥ
- പോഷകാഹാരം
- ലഹരി ഉപയോഗം
- കുട്ടികൾക്കെതിരായ അതിക്രമങ്ങൾ

- കുട്ടികളിൽ കണ്ടുവരുന്ന വൈകാരികവും മാനസികവുമായ പ്രശ്നങ്ങൾ
- കാലാവസ്ഥാവ്യതിയാനവും പ്രകൃതിദുരന്തങ്ങളും മൂലമുണ്ടാകുന്ന വെല്ലുവിളികൾ

**വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ, വെല്ലുവിളികൾ**

വിദ്യാലയത്തിലെ വിവിധ മേഖലകളിലെ അവസ്ഥാപഠനം കഴിഞ്ഞ് കിട്ടിയ വിവരങ്ങൾ അതാതുമേഖലയിൽ ഉചിതമായ രീതിയിൽ ക്രോഡീകരിക്കേണ്ടതുണ്ട്. അതിൽ നിന്നും വിദ്യാലയം നേരിടുന്ന വിവിധ പ്രശ്നങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തണം. പ്രശ്നങ്ങളുടെ തീവ്രത ലഘുതരം, ഗുരുതരം, തീവ്രം എന്നിങ്ങനെയാണ് രേഖപ്പെടുത്തേണ്ടത്. കണ്ടെത്തിയ പ്രശ്നങ്ങൾ സമിതി വിശദമായി ചർച്ച ചെയ്യുകയും അവയുടെ കാരണങ്ങൾ കണ്ടെത്തി രേഖപ്പെടുത്തുകയും വേണം. രേഖപ്പെടുത്തൽ താഴെപ്പറയുന്ന രീതിയിൽ ആകാം.

| മേഖല | പ്രശ്നങ്ങൾ | അവസ്ഥ | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രം | |
| | | | | | |

**പ്രശ്നവിശകലനവും ആസൂത്രണവും**

ഓരോ മേഖലയിലും കണ്ടെത്തിയ പ്രശ്നങ്ങളെ അവയുടെ തീവ്രതയ്ക്കനുസരിച്ച് തരംതിരിക്കേണ്ടതുണ്ട്. ഓരോ പ്രശ്നത്തിലൂടെയും കണ്ടെത്തിയ കാരണങ്ങളെ കൂടുതൽ സൂക്ഷ്മതലത്തിലുള്ള വിശകലനത്തിനു വിധേയമാക്കുകയും കൂടുതൽ കാരണങ്ങളോ വെല്ലുവിളികളോ ഉണ്ടോയെന്ന് കണ്ടെത്തുകയും വേണം.

തുടർന്ന് ഓരോ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അതാതുവിഭാഗത്തിലെ ബന്ധപ്പെട്ടവർ വിശദമായി ചർച്ചചെയ്ത് അതിനുള്ള പരിഹാരം കണ്ടെത്തേണ്ടതാണ്.

കായികക്ഷമത ബന്ധപ്പെട്ട പ്രശ്നങ്ങൾ അതാതു ക്ലാസ്തല ഗ്രൂപ്പുകളിൽ ചർച്ചചെയ്ത് ഉചിതമായ പരിഹാരനിർദേശങ്ങൾ കണ്ടെത്തണം.

ബന്ധപ്പെട്ട ഗ്രൂപ്പുകൾ ചർച്ചചെയ്ത് പരിഹാരങ്ങൾ കണ്ടെത്തേണ്ടതാണ്. ഈ പരിഹാര നിർദേശങ്ങൾ പരിഗണിച്ചുകൊണ്ട് സമിതി അക്കാദമിക് മാസ്റ്റർപ്ലാനിന്റെ ആസൂത്രണവും തയാറാക്കലും നടത്തേണ്ടതാണ്.

**അക്കാദമിക മാസ്റ്റർപ്ലാൻ - രൂപീകരണം**

കണ്ടെത്തിയ പ്രശ്നങ്ങളുടെയും കാരണങ്ങളുടെയും സൂക്ഷ്മവിശകലനത്തിന്റെ അടിസ്ഥാനത്തിൽ സമിതി കണ്ടെത്തിയ പരിഹാരനിർദേശങ്ങൾ ഉചിതമായ പ്രവർത്തനങ്ങളായി വേണം മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തേണ്ടത്.

വരുന്ന അഞ്ച് വർഷത്തെ വിദ്യാലയത്തിന്റെ സമഗ്രമായ പുരോഗതി ലക്ഷ്യമിട്ടുകൊണ്ടായിരിക്കണം പ്രവർത്തനങ്ങൾ രൂപപ്പെടുത്തേണ്ടത്. എന്നാൽ 2022-23 വർഷത്തെ പ്രവർത്തനങ്ങൾ സൂക്ഷ്മതലാസൂത്രണം നടത്തി രേഖപ്പെടുത്തേണ്ടതാണ്. ഈ പ്രവർത്തനങ്ങൾ 2022 ജൂൺ 1 മുതൽ നടപ്പിലാക്കി തുടങ്ങേണ്ടതാണ്. തുടർന്ന് ഓരോ വർഷാരംഭത്തിലും അതതു വർഷത്തെ പദ്ധതികൾ വിശദമായി തയാറാക്കേണ്ടതാണ്. ഓരോ പ്രശ്നവും പരിഹരിക്കുന്നതിന് ഒന്നോ അതിലധികമോ പ്രവർത്തനങ്ങൾ വേണ്ടിവന്നേക്കാം. ഇവ കൃത്യമായി മാസ്റ്റർപ്ലാനിൽ രേഖപ്പെടുത്തണം. നിലവിൽ വിദ്യാലയത്തിൽ നടന്നുകൊണ്ടിരിക്കുന്ന മികവാർന്ന പ്രവർത്തനങ്ങൾക്ക് തുടർച്ചയും വളർച്ചയും മാസ്റ്റർപ്ലാനിൽ രേഖപ്പെടുത്തണം. അക്കാദമിക് പ്രവർത്തനങ്ങൾ രേഖപ്പെടുത്തുമ്പോൾ ബന്ധപ്പെട്ട ക്ലാസിന്റെ സൂചനകൂടി ചേർക്കണം.

വിദ്യാലയത്തിൽ രൂപപ്പെടുന്ന മാസ്റ്റർപ്ലാനിന് തുടർച്ചയായി ക്ലാസ്തല മാസ്റ്റർപ്ലാൻ കൂടി രൂപപ്പെടുത്തേണ്ടതാണ്. ക്ലാസ്തല മാസ്റ്റർപ്ലാനിൽ ഓരോ ക്ലാസ്സിലും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ സൂക്ഷ്മമായ അംശങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. ഇതിനു തുടർച്ചയായി ഓരോ കുട്ടിയുടെയും കായികപുരോഗതി ലക്ഷ്യമിട്ടുകൊണ്ടുള്ള വ്യക്തിഗത മാസ്റ്റർപ്ലാനിന്റെ രൂപീകരണത്തിലേക്കും അധ്യാപകർക്ക് കടക്കാവുന്നതാണ്.

മാസ്റ്റർപ്ലാനിലെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നതിന് താഴെ തന്നിരിക്കുന്ന പട്ടിക പ്രയോജനപ്പെടുത്താവുന്നതാണ്.

# അക്കാദമിക് മാസ്റ്റർപ്ലാൻ

## സ്കൂൾതല പ്രവർത്തനങ്ങളുടെ ഫോർമാറ്റ്

| ക്രമ നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ആരോഗ്യകായിക വിദ്യാഭ്യാസം | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും നീന്തൽ പഠനം | ജൂൺ ഒന്നു മുതൽ ഫെബ്രുവരി 28 വരെ | സ്കൂൾ തല സമിതികൾ | വിദ്യാലയ വികസനസമിതി പൂർവ്വവിദ്യാർഥികൾ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ, സ്പോൺസേഴ്സ് etc...... | സ്കൂളിലെ മുഴുവൻ വിദ്യാർഥികൾക്കും നീന്തൽ പഠനം ലഭ്യമാക്കുക എന്നതാണ് ലക്ഷ്യം. |
| 2 | ആരോഗ്യകായിക വിദ്യാഭ്യാസം | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും, ഹൃദയശ്വസന ക്ഷമത വർധിപ്പിക്കുന്നതിനും കായികശേഷി വർധിപ്പിക്കുന്നതിനും വേണ്ടി Aerobics പരിശീലനം | ,, | ,, | ,, | ഘട്ടം ഘട്ടമായി മാത്രമേ ഈ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.<br><br>സ്കൂളിൽ നടത്തിയ അവസ്ഥാപഠനത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ കായിക ശേഷി വർധിപ്പിക്കുന്നതിനായി നടത്തുന്ന പ്രവർത്തനം |

## അക്കാദമിക മാസ്റ്റർപ്ലാനിന്റെ ഘടന

അക്കാദമിക മാസ്റ്റർപ്ലാനിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉണ്ടായിരിക്കണം.

1. ആമുഖം - കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ

   ആമുഖത്തിൽ അക്കാദമിക മാസ്റ്റർപ്ലാൻ പുനരവലോകനം നടത്തിയ വിവരങ്ങൾ എന്നിവ സത്യസന്ധമായി എഴുതണം.

2. അവസ്ഥാപഠനത്തിലെ പ്രധാന കണ്ടെത്തലുകൾ.
3. പ്രശ്നങ്ങൾ മുൻഗണനാക്രമത്തിൽ വിഭാഗം (എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്) തിരിച്ച്.
4. പ്രശ്നങ്ങളും അവയുടെ കാരണങ്ങളും
5. ഹ്രസ്വകാല/ദീർഘകാല ലക്ഷ്യങ്ങൾ മുൻഗണനാക്രമത്തിൽ
6. ഓരോ പ്രവർത്തനങ്ങളും നടപ്പിലാക്കാനുള്ള പദ്ധതി (ഇനം, ലക്ഷ്യം, പരിപാടികൾ, കാലയളവ് ചുമതല, സാമ്പത്തികം)
7. പ്രവർത്തനകലണ്ടർ
8. ഉപസംഹാരം

## അക്കാദമിക മാസ്റ്റർപ്ലാൻ - സ്കൂൾതല മോണിട്ടറിംഗ്

സ്കൂൾതല അക്കാദമിക് മാസ്റ്റർ പ്ലാൻ മോണിട്ടറിംഗ് സമിതി രൂപീകരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

**ഘടന**

- പിടിഎ/എസ്.എം.സി. പ്രസിഡന്റ്, എം.പി.ടി.എ
- വാർഡ് മെമ്പർ / കൗൺസിലർ
- അക്കാദമിക വിദഗ്ധൻ
- എച്ച്.എം./പ്രിൻസിപ്പൽ
- എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ് വിഭാഗങ്ങളിൽ നിന്നും ഓരോ അധ്യാപകപ്രതിനിധികൾ/RT
- പൂർവ വിദ്യാർഥികൾ, വിദ്യാർഥി പ്രതിനിധികൾ

**ചുമതലകൾ**

1. മാസ്റ്റർപ്ലാൻ രൂപീകരണഘട്ടങ്ങൾ ശരിയായി പാലിച്ചുകൊണ്ടാണോ എന്ന് പരിശോധിക്കുകയും മാർഗനിർദേശങ്ങൾ നൽകുകയും ചെയ്യുക.

   മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികളുടെ പ്രായോഗികത (സാമ്പത്തികലഭ്യത, സാമൂഹ്യ സ്വീകാര്യത, ഭൗതികസാഹചര്യം/റിസോഴ്സസ് ലഭ്യത എന്നിവ ഉറപ്പാക്കുക.)

2. അക്കാദമിക ആവശ്യകത (കരിക്കുലവുമായുള്ള ബന്ധം, പാഠ്യക്രമത്തിന് അനുസൃതം, അക്കാദമിക് ലക്ഷ്യങ്ങൾ ഉൾക്കൊള്ളുക എന്നിങ്ങനെയുള്ള ഘടകങ്ങൾ പരിശോധിക്കണം.)

3. പ്രവർത്തനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നുണ്ടോ എന്ന് വിലയിരുത്തുക.

4. മാസാന്ത്യയോഗങ്ങളിൽ അതത് മാസത്തെ പദ്ധതിപ്രവർത്തനം അവലോകനം ചെയ്ത് സമയബന്ധിതമാണെന്നും ഗുണപരമായും അളവുപരമായും ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുണ്ടെന്നും ഉറപ്പുവരുത്തുക. ആയതിന്റെ പ്രോഗ്രസ് റിപ്പോർട്ട് തയാറാക്കൽ.

5. പദ്ധതിനിർവഹണത്തിലെ പുരോഗതിവിലയിരുത്തി വേണ്ട മാർഗനിർദേശങ്ങൾ നൽകുക.

6. കുട്ടികളുടെ താൽപ്പര്യം, പദ്ധതികളുടെ സ്വീകാര്യത, ഫലപ്രാപ്തി എന്നിവ നിശ്ചിത ചോദ്യാവലികൾ അടങ്ങുന്ന ടൂളുകൾ ഉപയോഗിച്ച് മൂല്യനിർണയം നടത്തുകയും ടാർജറ്റ് ഗ്രൂപ്പുകൾക്ക് ഫീഡ്ബാക്ക് നൽകുകയും ചെയ്യുക.

- സ്കൂൾതലത്തിൽ നടക്കേണ്ട പ്രവർത്തനങ്ങൾ

| നം. | നടപ്പാക്കേണ്ട പ്രവർത്തനം | ചുമതല | കാലയളവ് |
|---|---|---|---|
| 1. | നിർവഹണസമിതി (സ്കൂൾതല റിസോഴ്സ് ഗ്രൂപ്പ്), മോണിട്ടറിങ് സമിതി രൂപീകരിക്കൽ | HM, SMC ചെയർമാൻ | |
| 2. | പുതിയ മാർഗരേഖ വിശദമായി ചർച്ച ചെയ്യൽ | പ്രഥമാധ്യാപിക എസ്.ആർ.ജി കൺവീനർ | |
| 3. | അവസ്ഥാപഠനം നടത്തൽ | എസ്.ആർ.ജി. ഗ്രൂപ്പ് ചുമതല പ്പെടുത്തുന്ന അധ്യാപകർ | |
| 4. | കരട് മാസ്റ്റർപ്ലാൻ തയാറാക്കൽ | എച്ച്.എം. എസ്.ആർ.ജി. കൺവീനർ, പി.ടിഎ, എം.പി. റ്റി.എ. | |
| 5. | മാസ്റ്റർപ്ലാൻ അന്തിമരൂപമാക്കൽ - ശിൽപ്പ ശാല | ശിൽപ്പശാല ചുമതലപ്പെടു ത്തിയ ഗ്രൂപ്പ്, എച്ച്.എം, പി.ടി. എ, പ്രസിഡന്റ്, എസ്.ആർ.ജി. കൺവീനർ | |
| 6. | മാസ്റ്റർപ്ലാൻ പ്രകാശനവും സെമിനാറും | പ്രഥമാധ്യാപിക | |
| 7. | സ്കൂൾതല മാസ്റ്റർപ്ലാനിനെ തുടർ സാധ്യതകളുടെ ഭാഗമായി ക്ലാസ്തല ത്തിലെ പ്ലാൻ, വ്യക്തിഗത മാസ്റ്റർപ്ലാൻ എന്നിവയായി രൂപപ്പെടുത്തൽ (കരട്) | എസ്.ആർ.ജി. ഗ്രൂപ്പ്, കൺവീനർ, ക്ലാസ് ടീച്ചർമാർ | |
| 8. | വ്യക്തിഗത മാസ്റ്റർപ്ലാൻ വിപുലപ്പെടു ത്തൽ | ക്ലാസിലെ മറ്റ് വിഷയങ്ങൾ അധ്യാപകരുടെ സഹായ ത്തോടെ ക്ലാസ് ടീച്ചർ | |
| 9. | അക്കാദമിക മാസ്റ്റർപ്ലാൻ പ്രതിമാസ വില യിരുത്തൽ | മോണിറ്ററിംഗ് സമിതി, എസ്.എസ്.കെ., എ.ഇ.ഒ | |
| 10. | ഇടക്കാല വിലയിരുത്തലും പ്രദർശനവും | നിർവഹണസമിതി, മോണിറ്റ റിംഗ് സമിതി, എസ്.എസ്.കെ., എ.ഇ.ഒ | |
| 11. | വർഷാന്ത്യവിലയിരുത്തൽ, സെമിനാർ പ്രദർശനം | നിർവഹണസമിതി, മോണിറ്റ റിംഗ് സമിതി, എസ്.എസ്.കെ., എ.ഇ.ഒ | |

## അക്കാദമിക മാസ്റ്റർപ്ലാൻ വിവിധതലങ്ങളിൽ നടക്കേണ്ട പ്രവർത്തനങ്ങളും ചുമതലകളും

- സംസ്ഥാനതലത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളും അവയുടെ ചുമതലകളും

| നമ്പർ | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| 1. | മാസ്റ്റർപ്ലാൻ ഘട്ടം 2<br>വിഷൻ ശിൽപ്പശാല - ഓൺലൈൻ | SCERT |
| 2. | മാർഗരേഖ വികസിപ്പിക്കൽ | SCERT |
| 3. | അവസ്ഥാ വിശകലനം - പഠനം<br>(കോർഗ്രൂപ്പ് അംഗങ്ങളുടെ നേതൃത്വത്തിൽ) | SCERT |
| 4. | സംസ്ഥാനതല കൺവർജൻസ് യോഗം | പൊതുവിദ്യാഭ്യാസ വകുപ്പ്,<br>SCERT, വിദ്യകിരണം, SSK, KITE |
| 5. | അവസ്ഥാ വിശകലനം പഠന<br>റിപ്പോർട്ട് തയാറാക്കൽ | SCERT |
| 6. | സംസ്ഥാനതല പരിശീലന മൊഡ്യൂൾ<br>നിർമ്മാണം | SCERT |
| 7. | സംസ്ഥാനതല പരിശീലനം - SRG പരിശീലനം | SCERT, SSK, SIEMAT |
| 8. | മാർഗരേഖ അച്ചടിച്ച് വിതരണം ചെയ്യൽ | സമഗ്രശിക്ഷ കേരള, പൊതു<br>വിദ്യാഭ്യാസവകുപ്പ്, SCERT |
| 9. | വിദ്യാഭ്യാസ ഓഫീസർമാരുടെ പരിശീലനം<br>(DDE, DEO, AEO) | SIEMAT, KITE |
| 10. | അക്കാദമിക പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ്<br>സംസ്ഥാനതലം, ജില്ലാതലം | SSK, KITE വിദ്യാകിരണം<br>പൊതുവിദ്യാഭ്യാസവകുപ്പ്,<br>SCERT |
| 11. | ഇടക്കാല വിലയിരുത്തൽ മാർഗരേഖ, പരിശീലനം | SCERT, SSK |
| 12. | ഓൺലൈൻ, ഡിജിറ്റൽ സംവിധാനങ്ങൾ,<br>വിഭവങ്ങൾ ഒരുക്കൽ | കൈറ്റ്, എസ്.ഐ.ഇ.റ്റി |

- **ജില്ലാതലത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളും അവയുടെ ചുമതലകളും**

| നം. | പ്രവർത്തനങ്ങൾ | ചുമതലയുള്ള ഏജൻസി/ വകുപ്പ് |
|---|---|---|
| 1. | ജില്ലാതല പരിശീലന മാർഗരേഖ പരിചയപ്പെടുത്തൽ, തുടർപ്രവർത്തനങ്ങൾ, മോണിറ്ററിംഗ്. | SSK/DIET പൊതുവിദ്യാഭ്യാസ വകുപ്പ് വിദ്യാകിരണം, കൈറ്റ് |
| 2. | ഉപജില്ല, പഞ്ചായത്ത് തല പരിശീലനങ്ങൾ, മോണിറ്ററിംഗ് | പൊതുവിദ്യാഭ്യാസവകുപ്പ് എസ്.എസ്.കെ. |
| 3. | ജില്ല പഞ്ചായത്ത്/ജനപ്രതിനിധികൾ/ജില്ലാതല ഉദ്യോഗസ്ഥർ - ക്ലാസ് | എസ്.എസ്.കെ, വിദ്യാകിരണം |

- **ഉപജില്ലാതലത്തിൽ നടക്കേണ്ട പ്രവർത്തനങ്ങളും അവയുടെ ചുമതലകളും**

| നം. | പ്രവർത്തനങ്ങൾ | ചുമതലയുള്ള ഏജൻസി/ വകുപ്പ് |
|---|---|---|
| 1. | പ്രഥമാധ്യാപക പരിശീലനം - മാർഗരേഖ പുനരവലോകന പ്രവർത്തനങ്ങൾ നടക്കേണ്ട പ്രക്രിയ വിശദമാക്കൽ | എ.ഇ.ഒ., ബി.ആർ.സി ഡയറ്റ് |
| 2. | എസ്.ആർ.ജി കൺവീനർമാരുടെ ശിൽപ്പശാല | എ.ഇ.ഒ., ബി.ആർ.സി, ഡയറ്റ്, കൈറ്റ് |
| 3. | ജനപ്രതിനിധികൾക്കുള്ള ശാക്തീകരണപരിപാടി - (പഞ്ചായത്ത്, പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ) | പഞ്ചായത്ത് വകുപ്പ്, എ.ഇ.ഒ., കൈറ്റ്, ഡയറ്റ് |
| 4. | ഉപജില്ലാതല മോണിറ്ററിംഗ് ടീം രൂപീകരണം - തത്സമയ സ്ഥലപിന്തുണ ഉറപ്പാക്കൽ. | എ.ഇ.ഒ., ബി.ആർ.സി, ഡയറ്റ് |
| 5. | വിദ്യാലയ സന്ദർശനം, ഇടക്കാല വിലയിരുത്തൽ | എസ്.എസ്.കെ., എ.ഇ.ഒ., ഡയറ്റ് |
| 6. | മികച്ച ഇടപെടലുകൾ, അനുഭവങ്ങൾ പങ്കുവയ്ക്കൽ, ഓൺലൈൻ/ഓഫ്ലൈൻ സാധ്യതകൾ ഉപയോഗിച്ച്. | കൈറ്റ്, എസ്.എസ്.കെ, ഡയറ്റ് |
| 7. | പഞ്ചായത്ത് വിദ്യാഭ്യാസസമിതി ചുമതലക്കാരുടെ യോഗങ്ങൾ വിളിച്ചുചേർക്കൽ അവലോകനം. | എസ്.എസ്.കെ., എ.ഇ.ഒ. |

- **പഞ്ചായത്ത്തലത്തിൽ നടക്കേണ്ട പ്രവർത്തനങ്ങളും അവയുടെ ചുമതലകളും**

| നം. | പ്രവർത്തനങ്ങൾ | ചുമതലയുള്ള ഏജൻസി/ വകുപ്പ് |
| --- | --- | --- |
| 1. | പഞ്ചായത്ത് വിദ്യാഭ്യാസ സമിതി യോഗം അക്കാദമിക മാസ്റ്റർപ്ലാൻ മാർഗരേഖ ചർച്ച ചെയ്യൽ, ആസൂത്രണം | പഞ്ചായത്ത്/SSK/AEO |
| 2. | പഞ്ചായത്ത് വിദ്യാഭ്യാസ സമിതി ശിൽപ്പശാല - സ്കൂൾതല മാസ്റ്റർ പ്ലാനുകളെ അടിസ്ഥാനമാക്കി പഞ്ചായത്ത് തല വിദ്യാഭ്യാസ പരിപാടി - തയാറാക്കൽ | പഞ്ചായത്ത് വിദ്യാഭ്യാസ സമിതി (PEC), SSK/AEO |
| 3. | സ്കൂൾതല ശിൽപ്പശാലകളിൽ ജനപ്രതിനിധികളുടെ പങ്കാളിത്തം ഉറപ്പിക്കൽ - മോണിറ്ററിംഗ് | ഗ്രാമപഞ്ചായത്ത് ഭരണസമിതി - SSK |
| 4. | പഞ്ചായത്ത് തലത്തിൽ തയാറാക്കിയ മാസ്റ്റർ പ്ലാൻ സമഗ്രമാക്കൽ, അച്ചടിച്ച് തയാറാക്കൽ - കർമസമിതി അംഗങ്ങളെ കൂടി പങ്കെടുപ്പിച്ച് | SSK പഞ്ചായത്ത് വിദ്യാഭ്യാസ സമിതി. |
| 5. | സ്കൂൾ മാസ്റ്റർ പ്ലാനുകളുടെ (മോണിറ്ററിംഗ്) നടത്തിപ്പ് | പഞ്ചായത്ത് വിദ്യാഭ്യാസ സമിതി SSK |
| 6. | മികച്ച മാസ്റ്റർപ്ലാൻ നടത്തിപ്പുകളുടെ ഡോക്യുമെന്റേഷൻ - പങ്കുവയ്ക്കൽ | പഞ്ചായത്ത് വിദ്യാഭ്യാസ സമിതി SSK |

- **പഞ്ചായത്ത് വിദ്യാഭ്യാസസമിതിയോഗം**

പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലെയും പരിഷ്ക്കരിച്ച മാസ്റ്റർ പ്ലാനുകളുടെ അവതരണത്തിനായി പഞ്ചായത്ത് വിദ്യാഭ്യാസസമിതി യോഗം ചേരൽ.

- പൊതുവായി പഞ്ചായത്ത് തലത്തിൽ ഏറ്റെടുക്കേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ കരട് തയാറാക്കൽ, (സ്കൂൾതല മാസ്റ്റർ പ്ലാനുകളുടെ ക്രോഡീകരണം) പൊതുപ്രശ്നങ്ങൾ, പഞ്ചായത്ത്തല പദ്ധതികളായി മാറേണ്ടതുണ്ട്.
- പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന അക്കാദമിക റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾ കൂടിയിരുന്ന് പഞ്ചായത്ത്തല അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കണം.

# അക്കാദമിക മാസ്റ്റർ പ്ലാൻ സംസ്ഥാന ജില്ലാ പഞ്ചായത്തുതല പ്രവർത്തന കലണ്ടർ

| നം. | പ്രവർത്തനം | കാലയളവ് | | | |
|---|---|---|---|---|---|
| | | സംസ്ഥാന തലം | ജില്ലാതലം | പഞ്ചാ./ മുൻസി.തലം | വിദ്യാലയ തലം |
| 1. | **കോർ ഗ്രൂപ്പ് രൂപീകരണം.** (വിദ്യാഭ്യാസ വിദഗ്ധർ, അതാത് തലങ്ങളിലെ (സംസ്ഥാന-ജില്ല-പഞ്ചായത്തുതല) വിദ്യാഭ്യാസ വകുപ്പ് മേധാവികൾ, അധ്യാപക പ്രതിനിധികൾ, ജനപ്രതിനിധികൾ എന്നിവർ അംഗങ്ങളായിരിക്കും. | | | | |
| 2. | **കൺവെർജൻസ് മീറ്റിംഗ് (സമന്വയസമിതിയോഗം)** (വിവിധ ഏജൻസികളുടെ (വിദ്യാഭ്യാസവകുപ്പ്, ഡയറ്റ്, എസ്.എസ്.കെ, എസ്.സി.ഇ.ആർ.ടി., കൈറ്റ്, തദ്ദേശസ്വയംഭരണവകുപ്പ്, ആരോഗ്യവകുപ്പ്, സാംസ്കാരികവകുപ്പ് എന്നിവയിലെ സംസ്ഥാന-ജില്ലാ-പഞ്ചായത്ത്/മുൻസിപ്പാലിറ്റിതല മേധാവികൾ) സമന്വയയോഗം. | | | | |
| 3. | **മോണിട്ടറിംഗ് കമ്മിറ്റി രൂപീകരണം** (അതാത് തലങ്ങളിലെ ജനപ്രതിനിധികൾ, വകുപ്പ്മേധാവികൾ, അക്കാദമിക് വിദഗ്ധർ, അധ്യാപകപ്രതിനിധികൾ, സ്കൂൾതലത്തിൽ പി.ടി.എ./എസ്.എം.സി. പ്രസിഡന്റ് എന്നിവരടങ്ങുന്ന സമിതിയാണ് മോണിറ്ററിംഗ് നടത്തുന്നത്. | | | | |
| 4. | **സ്കൂൾതല നിർവഹണസമിതി രൂപീകരണം** | | | | |

| നം. | പ്രവർത്തനം | കാലയളവ് | | | |
|---|---|---|---|---|---|
| | | സംസ്ഥാന തലം | ജില്ലാതലം | പഞ്ചാ./ മുൻസി.തലം | വിദ്യാലയ തലം |
| 5. | **ശിൽപ്പശാല/പരിശീലനം**<br>(സംസ്ഥാനതലത്തിൽ തയാറാക്കിയ മാർഗരേഖയുടെ അടിസ്ഥാനത്തിൽ ശിൽപ്പശാല/പരിശീലനം നടത്തുന്നു. സംസ്ഥാനതലത്തിൽ ഡി.ആർ.ജി മാർക്കും ജില്ലാതലത്തിൽ ആർ.പി.മാർക്കും പഞ്ചായത്ത്/മുൻസിപ്പാലിറ്റിതലത്തിൽ സ്കൂൾ എച്ച്.എം./പ്രിൻസിപ്പൽ, എസ്.ആർ.ജി കൺവീനർ, പി.ടി.എ. പ്രസിഡന്റുമാർ എന്നിവർക്കും പരിശീലനം നൽകണം.) | | | | |
| 6. | **അക്കാദമിക് മാസ്റ്റർപ്ലാൻ രൂപീകരണ ശിൽപ്പശാല (പദ്ധതി തയാറാക്കലും പുരോഗതി വിലയിരുത്തലും (Preparation & Monitoring)**<br>(സ്കൂൾതലത്തിൽ നടപ്പിലാക്കുന്ന അവസ്ഥാപഠനം വിവിധ ജനാധിപത്യ സംവിധാനങ്ങളുടെ യോഗം, അധ്യാപകപരിശീലനങ്ങൾ/ശിൽപ്പശാല, കരട് അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപീകരണം, എഡിറ്റിംഗ്, സെമിനാറുകൾ, പ്രിന്റിംഗ്, പ്രകാശനം തുടങ്ങിയവയുടെ വിവിധഘട്ടങ്ങൾ നടപ്പിലാക്കുകയും യഥാസമയം മാർഗനിർദേശം നൽകുകയും ചെയ്യുക.) | | | | |

| നം. | പ്രവർത്തനം | കാലയളവ് | | | |
|---|---|---|---|---|---|
| | | സംസ്ഥാന തലം | ജില്ലാതലം | പഞ്ചാ./ മുൻസി.തലം | വിദ്യാലയ തലം |
| 7. | **അക്കാദമിക് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ നടപ്പാക്കലും പുരോഗതി വിലയിരുത്തലും (Execution & Monitoring)** | | | | |
| 7(1) | ഓരോ വിദ്യാലയവും തയാറാക്കിയ അക്കാദമിക് മാസ്റ്റർപ്ലാൻ സൂക്ഷ്മതലത്തിൽ (micro level) നടപ്പാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ, ചെക്ക് ലിസ്റ്റ് ഇവ തയാറാക്കൽ. | | | | |
| 7(2) | അക്കാദമിക് മാസ്റ്റർ പ്ലാനിലെ പദ്ധതികൾ സ്കൂൾ കലണ്ടറിൽ ഉൾപ്പെടുത്തി നടപ്പിലാക്കൽ. ചെക്ക് ലിസ്റ്റ് ഉപയോഗിച്ച് മോണിട്ടറിംഗ്. | | | | |
| 7(3) | മോണിട്ടറിംഗ് ഗ്രൂപ്പുകളുടെ കൂടിച്ചേരൽ. (ചെക്ക്ലിസ്റ്റ് വഴി ശേഖരിച്ച വിവരങ്ങളുടെ വിലയിരുത്തൽ, പരിഹാരരീതികൾ കണ്ടെത്തൽ, പുതിയ മാതൃകകളുണ്ടെങ്കിൽ അവയുടെ വ്യാപനം, പ്രതിസന്ധികൾ/പ്രതിബന്ധങ്ങൾ പരിഹരിക്കൽ എന്നിവയാകണം അജണ്ട.) | | | | |
| 8. | അക്കാദമിക മാസ്റ്റർപ്ലാൻ പ്രവർത്തനമികവുകളുടെ 'ഷോക്കേസിംഗ്' മാതൃകയാക്കാവുന്ന പ്രവർത്തനങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും ഡോക്യുമെന്റുകളുടെയും പ്രദർശനവും സെമിനാറും. മികച്ച മാതൃകകളുടെ വ്യാപനം. | | | | |